പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. *87

06.06.2018 -ലെ മറുപടിയ്ക്ക്

# അപ്നാഘർ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.പി. അനിൽ കുമാർ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന കുറഞ്ഞ വരുമാനമുള്ള തൊഴിലാളികൾക്കായി 'അപ്നാഘർ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ ഹോസ്റ്റൽ, കുറഞ്ഞ നിരക്കിൽ വാടക ഈടാക്കി നൽകുന്ന പദ്ധതിയാണ് 'അപ്നാഘർ'<br><br>നഗര പ്രദേശങ്ങളിലെ അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന കുറഞ്ഞ വരുമാനക്കാർക്കായി 'ജനനി' എന്ന പേരിൽ പാർപ്പിടപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) നിലവിൽ എവിടെയൊക്കെയാണ് ഈ പദ്ധതി പ്രകാരം ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുള്ളത്; അവയുടെ വിതരണം പൂർത്തിയായിട്ടുണ്ടോ; | (ബി) 'അപ്നാഘർ' പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് 640 ഇതരസംസ്ഥാന തൊഴിലാളികൾക്ക് താമസിക്കുന്നതിനുള്ള ഹോസ്റ്റൽ സൗകര്യം പൂർത്തിയായിട്ടുണ്ട്. വിതരണ നടപടികൾ പൂർത്തീകരിച്ചു വരുന്നു.<br><br>'ജനനി' പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ അടിമാലി ഗ്രാമ പഞ്ചായത്തിൽ ഫ്ലാറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. അലോട്ട്മെന്റിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എറണാകുളം ജില്ലയിൽ പെരുമ്പാവൂരിലെ പോഞ്ഞാശ്ശേരി പഞ്ചായത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൊച്ചി നഗരസഭയിലെ കാക്കനാട്, പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| സി) തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും പ്രസ്തുത പദ്ധതി പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | സി) 'അപ്നാഘർ' പദ്ധതി നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കോഴിക്കോട് ജില്ലയിൽ രാമനാട്ടുകരയിലും ഭവനം ഫൗണ്ടേഷൻ കേരള കിൻഫ്രയിൽ നിന്നും ഒരു ഏക്കർ വീതം 30 വർഷത്തേക്ക് പാട്ടത്തിന് |

| | |
|---|---|
| | സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ചെമ്പഴന്തിയിൽ സ്ഥലം കണ്ടെത്തുകയുണ്ടായി. ജില്ലാ കളക്ടറുടെ ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന വിലയ്ക്ക് സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി 'സ്വന്തം വീട്' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇത് പ്രകാരം ഏതൊക്കെ സ്ഥലങ്ങളിൽ അവർക്കായി വീട് നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | ഡി) ഉണ്ട്.<br><br>“ഭവനം പദ്ധതി- തോട്ടം മേഖലയിൽ സ്വന്തം വീട് സ്കീം” മൂന്നാറിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

Sreedas

**സെക്ഷൻ ഓഫീസർ**